# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2485** — **05/02/2018-ൽ മറുപടിയ്ക്ക്**

## സഹകരണ ആശുപത്രികളുടെ സമഗ്രമായ വികസനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുരളി പെരുനെല്ലി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ആശുപത്രികളുടെ സമഗ്രമായ വികസനം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മണലൂർ കോ-ഓപ്പറേറ്റീവ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് കെട്ടിടനിർമ്മാണത്തിനും അനുബന്ധ വികസന പ്രവർത്തനങ്ങൾക്കും വേണ്ടി സഹകരണ രജിസ്ട്രാർ മുഖേന സമർപ്പിച്ചിട്ടുള്ള 4.50 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | അംഗീകാരം നൽകിയിട്ടില്ല. |
| (ബി) | ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) യും (സി) യും | വികസനവും വൈവിധ്യവൽക്കരണവും പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ധനസഹായം അനുവദിക്കുന്നതിന് സംഘം, സഹകരണ സംഘം രജിസ്ട്രാർക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചു വരുന്നില്ല എന്നതിനാൽ നിർമ്മാണ പ്രവർത്തനം ഒഴിവാക്കി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പുതുക്കിയ പദ്ധതി സമർപ്പിക്കുന്നതിന് സംഘത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ